**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3628**

**17/12/2015-ലെ മറുപടിക്ക്**

**ബാലസാന്ത്വനം പദ്ധതി**

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|
| എ) ബാലസാന്ത്വനം പദ്ധതിയിലൂടെ എത്ര കുട്ടികൾക്കാണ് ചികിത്സ നൽകിയത്? ഇതിനായി എത്ര തുകയാണ് ചെലവഴിച്ചത്? ഏതെല്ലാം സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി വഴി ചികിൽസ ലഭിക്കുന്നത്? | റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന കുട്ടികളുടെ ചികിൽസാ ചെലവുകൾക്കായി സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പ്രതിമാസം ഒരു നിശ്ചിത തുക സ്വീകരിച്ച് ജി.ഒ.(പി)നം. 575/2014/ധന. തീയതി, 23/12/2014, ജി.ഒ.(പി)നം.113/2015/ധന.തീയതി, 16/03/2015 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് **'ബാലസാന്ത്വനം-2014'**. പ്രസ്തുത പദ്ധതി അതിന്റെ ആരംഭഘട്ടത്തിലാണ്. റീജിയണൽ ക്യാൻസർ സെന്ററിന്റെ മേധാവിയുടെ ശിപാർശ/ അഭ്യർത്ഥന പ്രകാരമാണ് അർഹതപ്പെട്ട കുട്ടികൾക്ക് ചികിൽസാ സഹായം നൽകുന്നത്. സമാഹരിച്ച തുക പ്രസ്തുത പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം ചെലവഴിക്കുവാൻ, സർക്കാർ സഹായം അർഹിക്കുന്ന കുട്ടികളുടെ വിശദവിവരം എത്രയും പെട്ടെന്ന് ലഭ്യമാക്കുവാൻ റീജിയണൽ ക്യാൻസർ സെന്റർ മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലെ പദ്ധതി പ്രകാരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് മാത്രമേ പ്രസ്തുത പദ്ധതി പ്രകാരം ചികിൽസ ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ